**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 434** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാനത്തെ 'ഐ.ടി അറ്റ് സ്കൂളിന്റെ' പ്രവർത്തനം സംബന്ധിച്ച ധനകാര്യ പരിശോധന</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്തെ 'ഐ.ടി. അറ്റ് സ്കൂൾ' ന്റെ പ്രവർത്തനം ധനകാര്യ പരിശോധനയ്ക്ക് വിധേയമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വർഷം വരെയാണ് പരിശോധന നടത്തിയതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ഐ.ടി @ സ്കൂൾ പ്രോജക്ടിന്റെ അധീനതയിലുള്ള KL 01 AW 8650 നമ്പർ വാഹനത്തിന്റെ ദുരുപയോഗം സംബന്ധിച്ച് ധനകാര്യ പരിശോധനാ (എൻ.റ്റി-ജി) വകുപ്പിൽ നിന്നും 28.07.2012-ൽ പരിശോധന നടത്തിയിരുന്നു. ധനകാര്യ പരിശോധന (എൻ.റ്റി-ഡി) വകുപ്പിൽ നിന്നും പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലും ഓഫീസുകളിലും ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ സംബന്ധിച്ച് നടത്തിയ പരിശോധനയുടെ ഭാഗമായി Kerala Infrastructure and Technology for Education (KITE) -ൽ പരിശോധന നടത്തിയിരുന്നു. അവസാനം പരിശോധന നടത്തിയത് 2024-ൽ ആണ്.

**(ബി)** 'ഐ.ടി. അറ്റ് സ്കൂൾ' പദ്ധതി വഴി സ്കൂളുകൾക്കായി വാങ്ങി വിതരണം ചെയ്ത കമ്പ്യൂട്ടർ ഉപകരണങ്ങളുടെ ഗുണനിലവാരവും പർച്ചേസ് നടപടികളും വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടിരുന്നോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ബാധകമല്ല.

**(സി)** 'ഐ.ടി. അറ്റ് സ്കൂൾ' വഴി സ്കൂളുകളിലെ സ്മാർട്ട് ക്ലാസ്സ് റൂമിന് നൽകിയ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ഗ്യാരണ്ടി പീരിയഡിന് മുമ്പ് തന്നെ കേടുവന്ന് കോടികൾ നഷ്ടം വരുത്തി സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ പാഴായി കിടക്കുന്നതിന്റെ കണക്ക് ധനവകുപ്പ് ശേഖരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ബാധകമല്ല.

**(ഡി)** ഗുണമേന്മ ഇല്ലാത്തതും കാലാനുസൃതമല്ലാത്തതിനാൽ ഉപയോഗപ്രദമല്ലാത്തതുമായ ഇത്തരം ഉപകരണങ്ങൾ കുട്ടികൾക്കായി വാങ്ങി വിതരണം ചെയ്യേണ്ടിവന്നതിനാൽ ഉണ്ടായ സാമ്പത്തിക നഷ്ടത്തിന്റെ ഉത്തരവാദിത്തം ആർക്കാണെന്ന് ധനവകുപ്പ് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ബാധകമല്ല.

**(ഇ)** സംസ്ഥാനത്തെ സ്കൂളുകളിൽ ഉപയോഗിക്കാൻ പറ്റാത്ത തരത്തിൽ കേടായ ഉപകരണങ്ങളുടെ കണക്ക് ധനവകുപ്പ് പരിശോധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>മറുപടി:</u>** ബാധകമല്ല.

**സെക്ഷൻ ഓഫീസർ**